

സിസ്റ്റർ ക്ലിയോപാട്ര സി.എം.സി

# സ്ത്രീമുന്നേറ്റത്തിന്റെ മാർഗദീപം

**പ**ത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജനിച്ച ചാവറയച്ചൻ രാജ്യത്തെ, പ്രത്യേകിച്ച് കേരളത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും ഒരു വരദാനമാണ്. സ്ത്രീകളെക്കുറിച്ച് മഹത്വപൂർണമായ കാഴ്ചപ്പാടുണ്ടായിരുന്ന അദ്ദേഹം കേരളീയ വനിതകളുടെ ജീവിതത്തിൽ പ്രകാശം പരത്താൻ അങ്ങേയറ്റം ശ്രമിച്ചു.

സാമൂഹികമായ നിയമങ്ങളുടെയും ചിട്ടവട്ടങ്ങളുടെയും ഇടയിൽ കുരുങ്ങിക്കഴിയുകയായിരുന്നു പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ സ്ത്രീകൾ. സമൂഹത്തിലോ പള്ളിയിലോ എന്തിനധികം, സ്വന്തം വീട്ടിൽപോലും സ്ത്രീക്കു സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. അവകാശങ്ങളുടെ കാര്യത്തിൽ സ്ത്രീകൾ പൂർണമായും പുരുഷന്മാർക്കു കീഴിലായിരുന്നു. കൗമാരത്തിനുശേഷം അവർക്കു വിദ്യാഭ്യാസവും നൽകിയിരുന്നില്ല. ചുരുക്കത്തിൽ, ഏതെങ്കിലും ആശാന്റെ കീഴിലുള്ള കളരിവിദ്യാഭ്യാസം മാത്രമായിരുന്നു സ്ത്രീകൾക്കു വിധിച്ചിരുന്നത്. താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾക്ക് അതും നിഷിദ്ധമായിരുന്നു.

സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലും സ്ത്രീ-പുരുഷ സമത്വം ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ കുടുംബസ്വത്തിൽ സ്ത്രീക്ക് അവകാശമില്ലായിരുന്നു. നന്നേ ചെറുപ്പത്തിൽ പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചയയ്ക്കും. അവർക്കു കൊടുക്കുന്ന സ്ത്രീധനം ഭർത്താവിന്റെ സ്വത്തായി മാറും. വീട്ടുജോലികളെല്ലാം കൃത്യമായി ചെയ്യുക, ഒരു നല്ല ഭാര്യയും അമ്മയുമാകുക- ഇതായിരുന്നു സ്ത്രീയെക്കുറിച്ചുള്ള സങ്കല്പം. ഒരു ജോലിക്കു പോകാനോ പണം സമ്പാദിക്കാനോ അവൾക്ക് അവകാശമുണ്ടായിരുന്നില്ല. അതായത് പൂർണമായും മറ്റുള്ളവരെ ആശ്രയിച്ചു കഴിയുക എന്നതായിരുന്നു സ്ത്രീയുടെ അവസ്ഥ.

പള്ളിയിലും സ്ത്രീകൾക്ക് വിലയുണ്ടായിരുന്നില്ല. പെരുന്നാൾ, വിവാഹം തുടങ്ങിയ ചടങ്ങുകളിൽ പങ്കെടുക്കാൻ പെൺകുട്ടികൾക്ക് അനുവാദമില്ലായിരുന്നു. നയപരമായ കാര്യങ്ങളിലും തീരുമാനങ്ങൾ എടുക്കുന്ന മീറ്റിംഗുകളിലും സ്ത്രീകൾ ഒഴിവാക്കപ്പെട്ടു.

പള്ളിപ്പറമ്പുകളിൽ സംഘടിപ്പിക്കുന്ന ധ്യാനങ്ങളിൽപോലും പങ്കെടുക്കാൻ സ്ത്രീകൾക്ക് അനുവാദമുണ്ടായിരുന്നില്ല. പാരിഷ് കൗൺസിലിലും സ്ത്രീപ്രാതിനിധ്യമില്ല. ദൈവശാസ്ത്രമോ സമാനവിഷയങ്ങളോ പഠിക്കാൻ അവർക്ക് സാധിച്ചിരുന്നില്ല. ചുരുക്കം പറഞ്ഞാൽ, ഗർഭധാരണവും കുട്ടികളെ വളർത്തലും കുടുംബത്തിലെ എല്ലാവരുടെയും സുഖസൗകര്യങ്ങൾക്കുവേണ്ടിയുള്ള അധ്വാനവുമല്ലാതെ സമൂഹത്തിലോ പള്ളിയിലോ സ്ത്രീകൾക്ക് യാതൊരു പങ്കും ഉണ്ടായിരുന്നില്ല. ദൈവികകാര്യങ്ങൾക്കു മാത്രമായി സ്ത്രീകൾ ജീവിക്കുക എന്നതിനെക്കുറിച്ച് ആർക്കും അറിവുണ്ടായിരുന്നുമില്ല.

ഇതൊക്കെമൂലം സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും മതപരവുമായ കാര്യങ്ങളിൽ പിന്നോക്കാവസ്ഥയിലായിരുന്നു സുറിയാനി കത്തോലിക്കാ സ്ത്രീകൾ. സമൂഹത്തെ വ്യത്യസ്തമായ രീതികളിൽ സേവിക്കാനുള്ള കഴിവുകൾ അനുകൂലമായ സാഹചര്യങ്ങളുടെ അഭാവം മൂലം അവരിൽത്തന്നെ ഒളിഞ്ഞുകിടന്നു.

ഈ സാമൂഹിക പശ്ചാത്തലത്തിലാണ് കേരളത്തിന്റെ മാത്രമല്ല, ഇന്ത്യയുടെ തന്നെ ഒരു മഹാനായ നേതാവിന്റെ ഉയർച്ചയ്ക്ക് 19-ാം നൂറ്റാണ്ട് സാക്ഷിയാകുന്നത്- ചാവറ കുര്യാക്കോസ് ഏലിയാസ്. 1805 ഫെബ്രുവരി പത്തിന് ജനിച്ച് 1871 ജനുവരി മൂന്നിനു ദിവംഗതനായ ആ പുണ്യാത്മാവ് സ്ത്രീകളുടെ ആധ്യാത്മികശക്തിക്കു സമൂഹത്തിൽ അംഗീകാരം നേടി കൊടുക്കുകയും സമൂഹത്തിൽ അവരുടെ മുന്നേറ്റത്തിനു വഴിതെളിക്കുകയും ചെയ്തു.

വികാരി ജനറാളെന്ന നിലയിൽ ചാവറയച്ചൻ ക്രൈസ്ത
വസഭയിലെ ഭിന്നതയ്ക്കെതിരേ പോരാടി സഭയുടെ ഐക്യ
ത്തിനും വളർച്ചയ്ക്കുംവേണ്ടി ആകുന്നത്ര ശ്രമിച്ചു. അച്ചൻ
സ്കൂളുകൾ തുടങ്ങി, കുട്ടികളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ
അങ്ങേയറ്റം ശ്രദ്ധിച്ചു. ദരിദ്രർക്കും അശരണർക്കും രോഗി
കൾക്കും മരണാസന്നർക്കുമായി ജീവിതം ഉഴിഞ്ഞുവച്ചു.

ചാവറയച്ചനു സ്ത്രീകളെക്കുറിച്ച് മഹത്വപൂർണമായ
കാഴ്ചപ്പാടാണുണ്ടായിരുന്നതെന്നു പറഞ്ഞല്ലോ. സ്ത്രീയുടെ
ശക്തിയെക്കുറിച്ചുള്ള അവബോധം ചാവറയച്ചനുണ്ടായി
രുന്നു. കുഞ്ഞിനെ രൂപപ്പെടുത്തുന്നയാൾ എന്നതാണ്
സ്ത്രീയെക്കുറിച്ചുള്ള ചാവറയച്ചന്റെ ആദ്യത്തെ അറിവ്. കുട്ടി
യുടെ ഭാവി ഭാഗികമായി നിർണയിക്കപ്പെടുന്നത് അമ്മ
കുഞ്ഞിനെ എങ്ങനെയാണ് സ്നേഹിക്കുന്നത്, വളർത്തു
ന്നത് എന്നതിനെ ആശ്രയിച്ചിരിക്കും. തന്റെ സ്വാഭാവരൂപീ
കരണത്തിനുള്ള പൂർണ ക്രെഡിറ്റ് ചാവറയച്ചൻ തന്റെ
അമ്മയ്ക്കു നൽകുന്നു.

എങ്ങനെയാണ് തന്റെ ഹൃദയത്തിലേക്ക് അമ്മ ദൈവ
സ്നേഹം പകർന്നുതന്നതെന്ന് 'ആത്മാനുതാപം' എന്ന
കൃതിയിൽ ചാവറയച്ചൻ വർണിക്കുന്നുണ്ട്.

സ്വർഗത്തിന്റെ പ്രതിബിംബമായാണ് ക്രൈസ്തവ കുടും
ബങ്ങളെ ചാവറയച്ചൻ കണ്ടിരുന്നത്. കുടുംബത്തിൽ സമാ
ധാനവും സന്തോഷവും ഉണ്ടാകണമെന്ന് 'ഒരു നല്ല അപ്പന്റെ
ചാവരുളി'ലൂടെ ചാവറയച്ചൻ പറയുന്നു. അച്ചന്റെ കാഴ്ച
പ്പാടിൽ സ്ത്രീയാണ് സമാധാനത്തിന്റെ ഉപകരണമായി
വർത്തിക്കേണ്ടത്. സ്നേഹംകൊണ്ടു നിറഞ്ഞ സ്ത്രീക്ക്
സ്നേഹം പകർന്നുകൊടുക്കാൻ മാത്രമല്ല, സ്നേഹത്താൽ
എല്ലാവരെയും ഐക്യപ്പെടുത്താനും കഴിയും.

വിശുദ്ധി, ശാലീനത, അടക്കം എന്നീ ഗുണങ്ങൾ ചാവ
റയച്ചൻ എന്നും വിലമതിച്ചിരുന്നു. വസ്ത്രധാരണത്തിലും
പെരുമാറ്റത്തിലും സ്ത്രീ അടക്കം പാലിക്കേണ്ടത് അത്യാ
വശ്യമാണെന്ന് അദ്ദേഹം കരുതിയിരുന്നു. ദൈവഭയം,
വിശുദ്ധി, സൗമ്യത, ക്ഷമ തുടങ്ങിയ സ്വഭാവഗുണ
ങ്ങൾകൊണ്ടു സ്ത്രീ വിളങ്ങണമെന്നും ഇവയൊക്കെയാണ്
അവളുടെ യഥാർഥ സമ്പാദ്യവും ആഭരണങ്ങളുമെന്നും
ചാവറയച്ചൻ വിശ്വസിച്ചു.

ദാനധർമം പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് ഉദ്ബോധി



***ചാവറയച്ചൻ പണിയിച്ച കൂനമ്മാവിലെ കന്യാസ്ത്രീ മഠം***

പ്പിച്ച ചാവറയച്ചൻ  അതിനുള്ള പ്രധാന ഉത്തരവാദിത്വം
സ്ത്രീക്കാണെന്നു വിശ്വസിച്ചു. ദാനധർമമെന്ന ശീലം കുട്ടി
കളിലും ഭർത്താവിലും ഒരു സ്ത്രീയാണ് ഉണ്ടാക്കേണ്ടത്.
മറ്റുള്ളവർക്ക് നന്മ ചെയ്യാത്ത ദിവസം ആയുസിന്റെ പുസ്ത
കത്തിൽ കൂട്ടുകയില്ലെന്നും ചാവറയച്ചൻ പറയുന്നു. ദരി
ദ്രർക്കും യാചകർക്കും സഹായം ആവശ്യമുള്ളവർക്കും
വേണ്ടതു നൽകണമെന്നും കാരണം ഇതു ദൈവത്തിന്റെ
കല്പനയാണെന്നും ചാവറയച്ചൻ ഉപദേശിക്കുന്നു ('നല്ല
അപ്പന്റെ ചാവരുൾ': 13-14).

അത്തൊമ്പതാം നൂറ്റാണ്ടിലാണു ജീവിച്ചിരുന്നതെങ്കിലും
പത്തൊമ്പതാം നൂറ്റാണ്ടിലാണു ജീവിച്ചിരുന്നതെങ്കിലും
കുട്ടികൾക്കു സ്വാതന്ത്ര്യം നൽകണമെന്ന സിദ്ധാന്തക്കാരനാ
യിരുന്നു ചാവറയച്ചൻ. "തങ്ങളുടെ തൊഴിൽ എന്തെന്നു
തീരുമാനിക്കാനുള്ള പ്രായം കുട്ടികൾക്കാവുമ്പോൾ
അവർക്ക് തെരഞ്ഞെടുപ്പിനുള്ള പൂർണസ്വാതന്ത്ര്യം
നൽകണം. അല്ലാതെ അതു മാതാപിതാക്കളുടെ ചുമതല
യല്ല. പതിനാറ്- പതിനെട്ടു വയസാകുന്ന ആൺകുട്ടിയും
പതിനാല്-പതിനാറ് വയസാകുന്ന പെൺകുട്ടിയും തങ്ങ
ളുടെ തൊഴിൽ എന്തായിരിക്കണമെന്ന് സ്വയം നിശ്ചയി
ക്കണം. വിവാഹത്തിന്റെ കാര്യത്തിലും 'വ്യക്തിയുടെ
താത്പര്യം' സ്വയം നിശ്ചയിക്കണം. ('ഒരു നല്ല അപ്പന്റെ
ചാവരുളി'ൽനിന്ന്).

പിന്നോക്കജാതിയിൽപ്പെട്ടവരെ കൈപിടിച്ചുയർത്താനും
ചാവറയച്ചൻ ശ്രദ്ധിച്ചു. അച്ചൻ അവരെ സ്കൂളിലെത്തിച്ചു.
എല്ലാ മതവിഭാഗത്തിലുംപെട്ട പെൺകുട്ടികളെ സ്കൂളിലെ
ത്തിക്കാനും വിദ്യാഭ്യാസംവഴി അവരെ സമൂഹത്തിന്റെ
മുഖ്യധാരയിലെത്തിക്കാനും ചാവറയച്ചൻ ഉത്സാഹിച്ചു. ദലി
തർക്ക് ഭക്ഷണവും വസ്ത്രവും മാത്രമല്ല, പുസ്തകവും
പെൻസിലും ആവശ്യമാണെന്നു വിശ്വസിക്കുകയും അവ
നല്കുകയും ചെയ്ത മറ്റൊരു സാമൂഹ്യപരിഷ്കർത്താവും
അന്നത്തെ കാലത്തുണ്ടായിരുന്നില്ല.

കേരളസഭ മറ്റു രാജ്യങ്ങളിലെ സഭകളെപ്പോലെ പുണ്യ
വാൻമാർക്കോ പുണ്യവതികൾക്കോ ജന്മം നൽകാത്തതിൽ
ചാവറയച്ചൻ ദുഃഖിതനായിരുന്നു. ഈ കുറവു പരിഹരി
ക്കുക എന്ന ലക്ഷ്യത്തോടെയാണ് 1831-ൽ പുരുഷൻമാർക്കു
വേണ്ടിയുള്ള ആദ്യത്തെ പ്രാദേശിക സന്യാസസഭയായ
കാർമലൈറ്റ്സ് ഓഫ് മേരി ഇമാക്കുലേറ്റ് (സി.എം.ഐ)
സഭയ്ക്കു തുടക്കമിട്ടത്.

1855-ൽ ആ സന്യാസസഭയ്ക്ക് അംഗീകാരം ലഭിച്ചതോടെ സ്ത്രീകൾക്കുവേണ്ടിയും ഒരു സന്യാസസഭ തുടങ്ങണമെന്നായി ചാവറയച്ചന്റെ മോഹം. കന്യാസ്ത്രീമഠത്തിനുവേണ്ടി വരാപ്പുഴയ്ക്കടുത്ത് മാണമ്പാടിയിൽ സ്ഥലംവാങ്ങി കെട്ടിടം പണി തുടങ്ങിയതുമാണ്. എന്നാൽ, റോക്കോസ് ശീശ്മ ഉത്കണ്ഠ പരത്തിയ നാളുകളിൽ പുതിയ വൈദികരെയാണ് സഭയ്ക്ക് കന്യാസ്ത്രീകളേക്കാൾ ആവശ്യം എന്ന അഭിപ്രായമുയർന്നതിനെത്തുടർന്ന് സ്ഥലം സെമിനാരിക്കു വിട്ടുകൊടുത്തു. അങ്ങനെ കന്യാസ്ത്രീമഠം വീണ്ടും സഫലമാകാത്ത ആഗ്രഹമായി തുടർന്നു.

എന്നാൽ, ദൈവം എല്ലാത്തിനും ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. കൂനമ്മാവ് കൊവേന്തയ്ക്കടുത്ത് വാകയിൽ എന്ന വീട്ടിലെ ഏലീശ്വാ എന്ന വിധവയും അവരുടെ പതിന്നാലു വയസുള്ള മകളും ഏലീശ്വയുടെ സഹോദരി ക്ലാരയും വൈക്കം സ്വദേശിനിയായ ഏലീശ്വയും ദൈവത്തിനായി സ്വയം സമർപ്പിക്കാൻ മുന്നോട്ടുവന്നു. 1866 ഫെബ്രുവരി 13-നു ലെയോപോൾഡ് മിഷനറിയുടെ മുന്നിൽ ഈ നാലു സന്യാസാർഥിനികളും വ്രതവാഗ്ദാനം നടത്തി. ഇവരായിരുന്നു കൂനമ്മാവുമഠത്തിലെ ആദ്യ അംഗങ്ങൾ.

ഇന്ത്യയിലെ ആദ്യത്തെ സന്യാസിനിസഭയ്ക്ക് ഇങ്ങനെ തുടക്കമായി- സി.എം.സി.സഭ (കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമൽ). തെങ്ങുകൊണ്ടും പനമ്പുകൊണ്ടുമുള്ള ഒരു താത്കാലിക ഭവനമാണ് ആദ്യം പണിതത്.

ഇനി മഠത്തിനായി ഒരു നല്ല കെട്ടിടം പണിയണം. ചാവറയച്ചൻ ഇതിനായി സംഭാവനതേടി യാത്രതുടങ്ങി. ഇതിനിടെ വാതപ്പനി മൂർച്ഛിച്ച് രണ്ടുദിവസം ചാവറയച്ചൻ അബോധാവസ്ഥയിൽ കിടന്നു. കാലിൽ നീരുവന്നു പൊട്ടി. എങ്കിലും രോഗം അല്പം ഭേദപ്പെട്ടയുടൻ ചാവറയച്ചൻ വീണ്ടും പിരിവിനിറങ്ങി. അങ്ങനെ ഒരു വർഷത്തിനുള്ളിൽ മഠം പണി പൂർത്തിയായി.

കൂനമ്മാവു മഠത്തിനോടു ചേർന്ന് പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് സ്കൂളും തുടങ്ങി. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപവത്കരണത്തിലും ശ്രദ്ധിക്കുക- ഇതായിരുന്നു ചാവറയച്ചന്റെ മോഹം.

കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു പെൺകുട്ടികൾ ഈ സ്കൂളിലെത്തി പഠിച്ചു. മലയാളം, തമിഴ്, ഇംഗ്ലീഷ്, ലാറ്റിൻ തുടങ്ങിയ ഭാഷകളും തയ്യൽ, പാചകം, സംഗീതം,

# ചാവറയച്ചന്റെ സമ്പൂർണ്ണ കൃതികൾ

**1. നാളാഗമങ്ങൾ-വാല്യം -I**

-സി.എം.ഐ., സി.എം.സി. സന്യാസസഭകളുടെ സ്ഥാപനം, വളർച്ച.

-19-ാം നൂറ്റാണ്ടിലെ 'പദ്രൊവാദോ' 'പ്രൊപ്പഗാന്ത' സഭാ സംവിധാനങ്ങളിലെ ഭരണാധികാരികളും മിഷനറിമാരും.

-19-ാം നൂറ്റാണ്ടിലെ കേരളസഭയിലെ പ്രധാന സംഭവങ്ങളും വ്യക്തികളും

-പാലയ്ക്കൽ തോമ്മാ മല്പാന്റെ ജീവചരിത്രം (മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യജീവചരിത്രം)

**2. സാഹിത്യകൃതികൾ- വാല്യം - II**

- ആത്മാനുതാപം
- മരണവീട്ടിൽ പാടുന്നതിനുള്ള പാന
- അനസ്താസ്യായുടെ രക്തസാക്ഷ്യം (മലയാളഭാഷയിലെ ആദ്യ ഖണ്ഡകാവ്യം)

**3. ധ്യാനസല്ലാപങ്ങൾ - വാല്യം - III**

- ചാവറയച്ചന്റെ മിസ്റ്റിക് ധ്യാനസംഭാഷണങ്ങൾ
- ദൈവവിളിയിൽമേൽ ധ്യാനം
- ദൈവമനോഗുണങ്ങളിന്മേൽ ധ്യാനം
- ചാവുദോഷത്തിന്മേൽ ധ്യാനം
- രണ്ടച്ചന്മാരുടെ വില എന്നതിന്മേൽ ധ്യാനം
- ഭക്തിയില്ലാത്ത വൈദികന്റെ മരണം
- ചാവറയച്ചൻ ചൊല്ലിയിരുന്ന പ്രാർഥനകൾ
- നാല്പതുമണി ആരാധന.

**4. കത്തുകൾ - വാല്യം -IV**

- മാർപ്പാപ്പയ്ക്കെഴുതിയ കത്തുകൾ - 2
- പ്രൊപ്പഗാന്ത തിരുസംഘത്തിനെഴുതിയ കത്തുകൾ - 7
- മെത്രാന്മാർക്കുള്ള കത്തുകൾ - 10
- റോമിലെ കർമലീത്ത സഭാധികാരികൾക്ക് എഴുതിയ കത്തുകൾ - 2
- സി.എം.ഐ., സി.എം.സി. സഭാംഗങ്ങൾക്കെഴുതിയ സർക്കുലറുകളും കത്തുകളും - 32
- ഇടവക വൈദികർക്കുള്ള കത്തുകൾ - 4
- പൊതു സർക്കുലറുകൾ - 7
- വ്യവഹാരസംബന്ധമായ കത്തുകൾ - 3

**5. ഏകീകരിച്ചവ**

- തുക്കാസ- തിരുക്കർമാചാരാനുഷ്ഠാനങ്ങൾ
- ലിറ്റർജിക്കൽ കലണ്ടർ
- മരിച്ചവർക്കുള്ള ചെറിയ ഒപ്പീസ്

റേന്തപ്പണി, പുഷ്പാലങ്കാരം, കണക്ക് തുടങ്ങിയവയും ഇവരുടെ പാഠ്യവിഷയങ്ങളായി. ഈ പെൺകുട്ടികളിൽ ചിലർ കന്യാസ്ത്രീകളായി. മറ്റുള്ളവർ വിവാഹിതരായി നല്ല ഭാര്യമാരും അമ്മമാരുമായി, കുട്ടികളെ നല്ല കുടുംബപശ്ചാത്തലത്തിൽ വളർത്തിയെടുത്തു.

1871 ജനുവരി മൂന്നിന് ചാവറയച്ചൻ ദിവംഗതനായി-ആദ്യത്തെ മഠം സ്ഥാപിച്ച് അഞ്ചുവർഷങ്ങൾക്കുശേഷം. തുടർന്ന് മഠങ്ങളുടെ എണ്ണം പെരുകി. ഓരോ മഠത്തിനുമൊപ്പം ബോർഡിംഗ് സ്കൂളും അനാഥമന്ദിരവും ആരംഭിച്ചു. സി.എം.സി. സഭ കേരളമാകെ വ്യാപിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസം കന്യാസ്ത്രീകളുടെ കുത്തകയായി മാറി. തുടർന്ന് കോളജുകളുടെ സ്ഥാപനംവഴി ഉപരിപഠനമേഖലയിലും ശ്രദ്ധപതിപ്പിച്ചു.

ക്രമേണ കന്യാസ്ത്രീകൾ നഴ്സിംഗ് രംഗത്തും ശ്രദ്ധപതിച്ചു. വൈദ്യരംഗത്തെ ഇവരുടെ സേവനം ശാരീരിക ക്ലേശങ്ങളുള്ളവർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക്, തുണയായി. തുടർന്ന് ഇവർ സാമൂഹ്യസേവനവും തുടങ്ങി. വീടുസന്ദർശനംവഴി ഇവർ സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ മനസിലാക്കി, അവരെ പലവിധത്തിലും സഹായിച്ചു.

ഇന്നു കേരളത്തിലെ വനിതകൾ അഭ്യസ്തവിദ്യരായിരിക്കുന്നുവെങ്കിൽ ചാവറയച്ചന്റെ ദീർഘവീക്ഷണമാണ് അതിനു കാരണം. വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, ആധ്യാത്മിക മേഖലകളിൽ സ്ത്രീകൾ മുൻനിരയിലെത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കീർത്തി വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചന് അവകാശപ്പെട്ടതാണ്.


സി.എം.സി. സഭ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക എന്നിങ്ങനെ നാലു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ചിരിക്കുന്നു. അവിടെ കന്യാസ്ത്രീകൾ പഠിക്കുകയും പഠിപ്പിക്കുകയും ആതുരശുശ്രൂഷ ചെയ്യുകയും സാമൂഹ്യപ്രവർത്തനം നടത്തുകയും ചെയ്യുന്നു. ആധ്യാത്മിക, വിദ്യാഭ്യാസ, വൈദ്യശാസ്ത്ര മേഖലകളിൽ അവർ നേതൃപദവികളിലാണ്. 191 പ്രവിശ്യകളിലായി ആറായിരത്തിലേറെ കന്യാസ്ത്രീകളും ഏകദേശം 580 മഠങ്ങളും സി.എം.സി. സഭയ്ക്കുണ്ട്.

## ചാവറയച്ചൻ: നാഴികക്കല്ലുകൾ

| | |
|---|---|
| 1805 ഫെബ്രുവരി 10 | : കൈനകരിയിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ജനനം. |
| 1831 മെയ് 11 | : സി.എം.ഐ സഭ സ്ഥാപിച്ചു. മാന്നാനത്ത് ആദ്യഭവനം. |
| 1833 | : മാന്നാനത്ത് സെമിനാരി സ്ഥാപിച്ചു |
| 1846 | : മാന്നാനത്ത് പ്രസ് സ്ഥാപിച്ചു |
| 1846 | : സീറോ മലബാർ സഭയുടെ ആദ്യ സ്കൂൾ മാന്നാനത്ത് പ്രവർത്തനമാരംഭിച്ചു. |
| 1855 ഡിസംബർ 8 | : മാന്നാനത്ത് സി.എം.ഐ സഭയിലെ ആദ്യ 11 പിതാക്കന്മാരുടെ സന്യാസവ്രതവാഗ്ദാനം. |
| 1860 ഒക്ടോബർ 1 | : അമലോത്ഭവ മാതാവിന്റെ ദാസർ എന്നപേരിലറിയപ്പെട്ടിരുന്ന സഭ നിഷ്പാദുക കർമലീത്താ സഭയുമായി (ഒ.സി.ഡി) അഫിലിയേറ്റ് ചെയ്യപ്പെട്ട് കർമലീത്ത നിഷ്പാദുക മൂന്നാംസഭ (ടി.ഒ.സി.ഡി) എന്ന പേരിലായി |
| 1866 ഫെബ്രുവരി 13 | : ആദ്യ സുറിയാനി സന്യാസിനിസമൂഹം-സി.എം.സി-കൂനമ്മാവിൽ സ്ഥാപിച്ചു. |
| 1871 ജനുവരി 3 | : കൂനമ്മാവിൽ ചാവറയച്ചന്റെ അന്ത്യം. |
| 1889 മെയ് 24 | : ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നും മാന്നാനം ആശ്രമദേവാലയത്തിലേക്ക് കൊണ്ടുപോന്നു. |
| 1984 ഏപ്രിൽ 7 | : ചാവറയച്ചൻ ധന്യനായി പ്രഖ്യാപിക്കപ്പെട്ടു. |
| 1986 ഫെബ്രുവരി 8 | : ചാവറയച്ചനെ വാഴ്ത്തപ്പെട്ടവനായി ജോൺ പോൾ രണ്ടാമൻ മാർപാപ്പ കോട്ടയത്ത് പ്രഖ്യാപിച്ചു. |
| 1987 ഡിസംബർ 20 | : ചാവറയച്ചന്റെ ബഹുമാനാർത്ഥമുള്ള തപാൽസ്റ്റാമ്പ് രാഷ്ട്രപതി ആർ.വെങ്കിട്ടരാമൻ പുറത്തിറക്കി. |
| 2005 ഫെബ്രുവരി 10 | : വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ഇരുനൂറാം ജന്മദിനം. |


# ചാവറക്കുടുംബം

### ചാവറ കുറിയാക്കോസ് ഏലിയാസച്ചന്റെ വംശാവലി




ഏലിയാസച്ചന്റെ മാതാവായ മറിയം പുരാതനവും പ്രശസ്തവുമായ തോട്ടയ്ക്കാട് ചോതിരക്കുന്നേൽ തറവാട്ടിലെ ഇട്ടി കുരുവിള-അന്ന ദമ്പതികളുടെ 10 സന്താനങ്ങളിൽ അഞ്ചാമത്തേതാണ്.മറിയത്തിന്റെ ഒരു സഹോദരനായ ഇടിക്കുളത്തരകന്റെ മകൻ കുഞ്ഞുതൊമ്മിയുടെ (ഇല്ലിപ്പറമ്പിൽ) പൗത്രനാണ് ഷെവ. ഐ.സി. ചാക്കോ. മാർ ളൂയിസ് പഴേപറമ്പിൽ മകളുടെ മകനും. ഇടിക്കുളത്തരകന്റെ സഹധർമിണി ത്രേസ്യാ (ആയമ്മ) ചമ്പക്കുളം പോരൂക്കര കുടുംബാംഗമാണ്. ത്രേസ്യായുടെ സഹോദരൻ ഇട്ടിക്കുരുവിളയുടെ സന്താനങ്ങളാണ് പോരൂക്കര തോമ്മാമല്പാനും പോരൂക്കര കുര്യാക്കോസ് ഏലിശ്വാച്ചനും. മറിയത്തിന്റെ മറ്റൊരു സഹോദരനായ കുര്യന്റെ മകൻ തോപ്പിൽ കുരുവിള പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലെ പ്രശസ്തനായ ഒരു അൽമായ നേതാവാണ്. ചാവറയച്ചന്റെ വലംകൈയും തുണയുമായിരുന്നു കുര്യൻ.

## ചാവറയച്ചന്റെ കാലത്ത് സ്ഥാപിതമായ ആശ്രമങ്ങൾ




മാന്നാനം ആശ്രമദേവാലയം



വാഴക്കുളം ആശ്രമ ദേവാലയം



പുളിങ്കുന്ന് ആശ്രമ ദേവാലയം




അമ്പഴക്കാട് ആശ്രമം



കൂനമ്മാവ് ആശ്രമം



മുത്തോലി ആശ്രമം



എൽത്തുരുത്ത് ആശ്രമവും ദേവാലയവും